(2) ഷെഡ്യൂളുകൾ റദ്ദാക്കുന്നതുമൂലം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി. മോയിൻകുട്ടി: സർ, ദേശീയപാത 212-ൽ കോഴിക്കോട്-സുൽത്താൻ ബത്തേരി റോഡിൽ താമരശ്ശേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ അതിദയനീയമായ ശോച്യാവസ്ഥയാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടു വരാനുള്ളത്. 1976-ലാണ് ഈ റൂട്ട് ദേശസാത്കരിച്ചത്. ഉടനെതന്നെ താമരശ്ശേരി കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിച്ചു. ഗ്രാമ പഞ്ചായത്ത് അനുവദിച്ച സ്ഥലത്താണ് ഇത് ആരംഭിച്ചത്. റൂട്ട് ദേശസാത്കരിച്ചതോടുകൂടി യാത്രാ പ്രശ്നം ദുരിതപൂർണ്ണമായിത്തീർന്നു. സ്വകാര്യ ബസ് നിർത്തലാക്കിയതോടുകൂടി ആനുപാതികമായിട്ടുള്ള മറ്റൊരു ബദൽ സംവിധാനം അവിടെ ഉണ്ടാക്കിയിട്ടില്ല. 1982-ൽ ഒരു ഏക്കർ ആറു സെന്റ് സ്ഥലം വാങ്ങി. ഇന്ന് സെന്റിന് അഞ്ചു ലക്ഷം രൂപ. പൊന്നിൻ വിലയുള്ള ഭൂമിയാണ്. ഈ സ്ഥാപനം പരിപൂർണ്ണമായും നശിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാ ഷെഡ്യൂളുകളും നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. 1982-ൽ ആരംഭിച്ച ഓപ്പറേറ്റിംഗ് സെന്റർ 1983 ഏപ്രിൽ 15-ന് ഉദ്ഘാടനം ചെയ്തു. പതിനഞ്ച് ഓർഡിനറി ബസ്സുമായിട്ടാണ് സ്ഥാപനം ആരംഭിച്ചത്. 1986-ൽ സബ് ഡിപ്പോയായി ഉയർത്തി. പല ജില്ലകളിലേക്കും അവിടെനിന്ന് ഓപ്പറേഷൻ ഉണ്ടായി. തമിഴ്നാട്, കർണ്ണാടകം ഉൾപ്പെടെ നിരവധി അന്തർ സംസ്ഥാന സർവ്വീസുകൾ ഉണ്ടായിരുന്നു. മുപ്പത്താളം ബസ്സുകൾ റിപ്പെയർ ചെയ്യാനുള്ള ഗാരേജ് അവിടെ ഉണ്ട്. മുന്നൂറോളം ജീവനക്കാർ ഉണ്ട്. എല്ലാ സൗകര്യങ്ങളുമുള്ള ഒരു ഡിപ്പോ! പക്ഷേ ഇന്ന് പരിപൂർണ്ണമായും അങ്ങേയറ്റത്തെ പ്രതിസന്ധിയാണ് അവിടെയുള്ളത്. നല്ല വരുമാനം; പഞ്ചായത്തിന് നല്ല ടാക്സ്, എല്ലാം ഉണ്ടായിരുന്നു. ഓരോ ദിവസവും ഷെഡ്യൂളുകൾ. ഓരോന്നോരോന്നായി വെട്ടിക്കുറച്ചു. ഇന്ന് അത് മരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ അങ്ങയുടെ ജില്ലയിൽനിന്നടക്കംവന്നിട്ടുള്ള മലയോര കുടിയേറ്റ മേഖലയിലെ ആയിരക്കണക്കിന് ആളുകൾക്ക് മറ്റൊരു ബദൽ സംവിധാനവുമില്ല. പാരലൽ സർവ്വീസുകളാണ് കൊള്ളലാഭം കൊയ്തുകൊണ്ട് അവിടെ സർവ്വീസ് നടത്തുന്നത്. രണ്ടാഴ്ച മുമ്പ് അങ്ങ് നേരിട്ട് ഉത്തരവു തന്നിട്ടുള്ള ബസ് പോലും ലഭിച്ചിട്ടില്ല. അങ്ങ് പറയുന്നു മിനി ബസ് ഇഷ്ടം പോലെ തരാമെന്ന്. പക്ഷേ ഒരു ബസ് പോലും അങ്ങോട്ട് കിട്ടുന്നില്ല. മറ്റൊരു ബദൽ സംവിധാനവുമില്ല. അവിടുത്തെ സ്ഥിതി രൂക്ഷമാണ്. അവിടെനിന്ന് തീർത്ഥാടന കേന്ദ്രമായ പറശ്ശിനിക്കടവിലേക്കുള്ള ബസ് പോലും നിർത്തൽ ചെയ്തു. നല്ല വരുമാനം ലഭിക്കുന്ന റൂട്ടായിരുന്നു. അതൊക്കെ നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. മലബാറും കേരളത്തിന്റെ ഭാഗമാണ്. അങ്ങ് നേരത്തേ സൂചിപ്പിച്ചതുപോലെ റെയിൽവേയോട് കേന്ദ്രം കാണിക്കുന്നതിനെക്കാൾ ഏറ്റവും കടുത്ത അനീതിയാണ് അങ്ങയുടെ വകുപ്പ് മലബാറിനോട് പ്രത്യേകിച്ചും താമരശ്ശേരി ഡിപ്പോയോട് കാണിച്ചിരിക്കുന്നത്. മുപ്പത്തിയെട്ട് ഷെഡ്യൂളുകളുണ്ടായിരുന്നതിൽ ഇന്ന് വിരലിൽ എണ്ണാവുന്ന ഷെഡ്യൂളുകൾ പോലുമില്ല.അവിടത്തെ ശോചനീയാവസ്ഥ അങ്ങയുടെ മകൻ മുൻമന്ത്രി ശ്രീ. ഗണേഷ്കുമാർ അവിടെവന്ന് നേരിൽ കണ്ടിട്ടുള്ള കാര്യമാണ്. ജീവനക്കാർക്ക് വിശ്രമിക്കുവാനുള്ള സൗകര്യങ്ങളില്ല. ഓഫീസുകളില്ല. നിരന്തരമായി ഓരോന്നോരോന്നായി മെല്ലെമെല്ലെ നിർത്തൽ ചെയ്തുകൊണ്ടിരിക്കുകയാണ്; കഴുത്ത് ഞെരിച്ച് കൊന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന് അങ്ങ് വളരെ അടിയന്തിരമായി ഒരു പരിഹാരം ഉണ്ടാക്കിത്തരണം. മറ്റ് പല സംസ്ഥാനങ്ങളിലേക്കും പോകാൻ ഏറ്റവും അനുകൂല സാഹചര്യമുള്ള മലയോര—കുടിയേറ്റ മേഖലയുടെ ആസ്ഥാനമായ താമരശ്ശേരി ഡിപ്പോയെ ഞെരിച്ചു കൊല്ലാതെ മുമ്പുള്ള സർവ്വീസുകളെങ്കിലും അങ്ങ് നിലനിർത്തി തന്നുകൊണ്ട് ആ മലയോര മേഖലയെ രക്ഷിക്കണം. അങ്ങയുടെ നാട്ടുകാരുണ്ട്. കോട്ടയം, കൊട്ടാരക്കര, തിരുവമ്പാടി, കോഴഞ്ചേരി പ്രദേശങ്ങളിലുള്ള മുപ്പത്, നാല്പതു ശതമാനം ആളുകൾ ഉണ്ട്. അതുകൊണ്ട് അടിയന്തിരമായി ആ സ്ഥാപനത്തെ തകർക്കാതെ, മലബാറും കേരളത്തിന്റെ ഭാഗമാണെന്ന് കണ്ടുകൊണ്ട്, പഴയ ഷെഡ്യൂളുകളെങ്കിലും നിലനിർത്തിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സർ, 'പുതിയ ബസ്സുകൾ' അങ്ങനെ ഒരു സംഭവംതന്നെ അവിടെയില്ല. തെക്കൻ ജില്ലയിൽ വരുമ്പോൾ മനോഹരമായ പുതിയ കൊട്ടാര സദൃശമായ ബസ്സുകൾ കാണുന്നു. ഇതൊന്നും അങ്ങോട്ടില്ല. ചെറിയ ബസ്സുകളുമില്ല; പുതിയ ബസ്സുകളുമൊന്നുമില്ല. താമരശ്ശേരിയൊക്കെ കേരളത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ദയവായി അങ്ങയുടെ കാലത്തുതന്നെ ഈ കാര്യത്തിൽ പ്രത്യേക താല്പര്യമെടുത്ത് പരിഹാരം ഉണ്ടാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം കെ.എസ്.ആർ.ടി.സി. അധികൃതരുമായി ഡിസ്കസ് ചെയ്തപ്പോൾ കിട്ടിയ വിവരം ഞാൻ ആദ്യം വായിക്കാം. താമരശ്ശേരി ഡിപ്പോയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മുപ്പത്തിയാറ് ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ മുപ്പത്തിയേഴ് ഷെഡ്യൂളുകളുണ്ട്. നാല്പത്തിരണ്ട് ബസ്സുകൾ അവിടെയുണ്ടായിരുന്നു. കാലപ്പഴക്കം കൂടിയ ബസ്സുകളെല്ലാം മാറ്റി. ഇപ്പോഴും നാല്പത്തിരണ്ട് ബസ്സുകളുണ്ട്. എനിക്ക് കിട്ടിയ ഇൻഫർമേഷനാണ് ഞാൻ പറയുന്നത്. ബസ്സുകൾ കുറവായതിന്റെ പേരിൽ ഒരു ഷെഡ്യൂളും റദ്ദ് ചെയ്തിട്ടില്ല. ഉണ്ടായിരിക്കുന്നത് എന്താണെന്നു വച്ചാൽ, ഇരുപതു രൂപ ഇ.പി.കെ.എം. (ഏണിംഗ്സ് പെർ കിലോമീറ്റർ) കിട്ടണ്ടേ? അദ്ദേഹം പറഞ്ഞുവലിയ ലാഭമാണെന്ന്. താമരശ്ശേരി ഡിപ്പോയിൽ കഴിഞ്ഞ ഒരു കൊല്ലത്തെ ആവറേജ് ഏണിംഗ് 15.88 രൂപയാണ്. എന്നു പറഞ്ഞാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുമ്പോൾ നാലു രൂപ ഇരുപത്തിരണ്ട് പൈസ കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടം വന്നുകൊണ്ടിരിക്കുകയാണ്. ഇത് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്ത കണക്കാണ്. അങ്ങ് പറഞ്ഞതുപോലെ വളരെ ലാഭകരമായി നടക്കുന്ന ഒരു സ്റ്റേഷനല്ല. കെ.എസ്.ആർ.ടി.സി. സാമ്പത്തികമായി വളരെ വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് കെട്ടിടങ്ങൾ കെട്ടാനും മറ്റു സൗകര്യങ്ങൾ ഒരുക്കാനും പണമില്ല. യാർഡുകൾ കോൺക്രീറ്റ് ചെയ്യാനും ടാർ ചെയ്യാനും പോലും പണമില്ലാതെ വിഷമിക്കുന്ന ഒരു സാഹചര്യമാണ്. കടമെടുത്തിട്ടാണ് കെ.എസ്.ആർ.ടി.സി. ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നത്. ശമ്പളവും പെൻഷനുംതന്നെ ഏതാണ്ട് വലിയ ഒരു സംഖ്യ വരുന്നുണ്ട്; ഇരുപതു കോടിയോളം രൂപ വരുന്നുണ്ട്. പ്രതിമാസം ആറ്-ഏഴ് കോടിയോളം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഗവൺമെന്റിൽനിന്ന് യാതൊരു സഹായധനവും കൊടുക്കുന്നില്ല, നമ്മൾ അവരെ ചെവിക്ക് പിടിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അവരുടെ കൈയ്യിൽ പണമില്ല. പണമുണ്ടെങ്കിൽ ചെലവാക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ഒരു സ്വയംഭരണ സ്ഥാപനമാണ്. കെ.എസ്.ആർ.ടി.സി. ഗവൺമെന്റിന്റെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ പേരിൽ ഇരുന്നൂറ് ഇരുന്നൂറ്റിയമ്പത് കോടിയിൽ ചിലാനം രൂപ ഒരു വർഷം അതിനുവേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അന്ധർ, ബധിരർ, ഇങ്ങനെയുള്ളവർക്കുള്ള കൺസഷൻസിനുമാത്രം മുപ്പത്തിനാലു കോടി രൂപയാണ് കെ.എസ്.ആർ.ടി.സി. ഒരു വർഷം നഷ്ടം സഹിക്കുന്നത്. ഇങ്ങനെയുള്ള ഒരു സ്ഥാപനം നമ്മൾ വിചാരിക്കുന്നതുപോലെ നടത്തിക്കൊണ്ടുപോകുവാൻ പറ്റുകയില്ല. ഗവൺമെന്റിന്റെ ബജറ്ററി സപ്പോർട്ട് ഉണ്ടെങ്കിൽ നമുക്ക് കുറേക്കൂടി എളുപ്പമുണ്ട്. ബജറ്ററി സപ്പോർട്ട് നമുക്കില്ല. ബഹുമാനപ്പെട്ട മെമ്പർ അറിഞ്ഞിരിക്കേണ്ടത് ആരു വിചാരിച്ചാലും നമുക്ക് പറ്റുകയില്ല. ഡീസൽ വാങ്ങിക്കാതിരിക്കാൻ പറ്റുമോ? ശമ്പളം കൊടുക്കാതിരിക്കാൻ പറ്റുമോ? ടാക്സ് അടയ്ക്കാതിരിക്കുവാൻ പറ്റുമോ? അപ്പോൾ അങ്ങനെയുള്ള അത്യാവശ്യ ചെലവുകൾ കഴിഞ്ഞാൽ നമുക്ക് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ പണമില്ല. വണ്ടി വാങ്ങുന്നതു മുഴുവൻ കടമെടുത്താണ്; സ്വന്തം പണം ഉപയോഗിച്ചല്ല. പുറത്തിറങ്ങിയിരിക്കുന്ന പത്ത് അറുന്നൂറു വണ്ടികൾ വാങ്ങിയതു മുഴുവൻ കടം വാങ്ങിയിട്ടാണ്. പലിശയ്ക്ക് പണം മേടിച്ചാണു് നടത്തി കൊണ്ടിരിക്കുന്നത്. ഫാസ്റ്റ് പാസ്സഞ്ചർ, സൂപ്പർ ഫാസ്റ്റ് ബസ്സുകളെല്ലാം ആളുകളെ ആകർഷിക്കുവാൻ വേണ്ടി റീപ്ലേസ് ചെയ്തുകൊണ്ടിരിക്കുകയാണ്. കളക്ഷൻ ഇരുപത് ശതമാനം കൂടിയിട്ടുണ്ടെങ്കിലും നമുക്ക് പിടിച്ചു നില്ക്കുവാൻ കഴിയുന്നില്ല. ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഡീസലിന്റെ വിലയും ഇനിയും വർദ്ധിപ്പിക്കുവാൻ പോകുന്നു. പതിനഞ്ചാം തീയതി ഇനിയും വർദ്ധിക്കുമെന്നാണ് ഇന്നലെ കേട്ടത്. പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്. ഇത് മനപ്പൂർവ്വമൊന്നും ആരും ചെയ്യുന്നതല്ല. അങ്ങ്തന്നെ പറഞ്ഞു എന്താണ് നഷ്ടത്തിനുകാരണമെന്ന്. അതിനു പരിഹാരം നിങ്ങൾതന്നെ ഉണ്ടാക്കേണ്ടതാണ്. പാരലൽ സർവ്വീസാണ് ഈ സ്ഥാപനത്തെ നശിപ്പിക്കുന്നത്. ധാരാളം പാരലൽ സർവ്വീസുകൾ—മിനി ബസ്പോലെയുള്ള പാരലൽ ബസ്സുകൾ—സ്ഥിരമായി ഓടുന്നു. താമരശ്ശേരിയിൽ ഇത് നിർത്താമോ? നിർത്താമെങ്കിൽ എത്ര ബസ് വേണമോ തരാം. നിയമം മൂലം ഇത് നിർത്താൻ വളരെ ബുദ്ധിമുട്ടുണ്ട്. ഞാൻ ഈ സഭയിൽ പറഞ്ഞു. പാരലൽ സർവ്വീസുകൾ എവിടെ നിർത്തുന്നുവോ അവിടെ ബസ് കൊടുക്കാം. അങ്ങേയ്ക്ക് അറിയാം, അങ്ങയുടെ നിയോജക മണ്ഡലത്തിൽ പാരലൽ സർവ്വീസുകൾ അവസാനിപ്പിക്കുവാൻ വേണ്ടിയാണ് മിനി ബസ്സുകൾ സർവ്വീസ് ആരംഭിച്ചത്. പക്ഷേ എം.എൽ.എ.-മാരുടെ നിർബന്ധം ഉള്ളതുകൊണ്ട് ഇപ്പോൾ ഗവൺമെന്റ് ആലോചിക്കുന്നത് കോർപ്പറേഷനിലൂടെ 30 പുതിയ വലിയ ബസ്സുകൾ വാങ്ങുന്നതിനുപകരം 50 മിനി ബസ്സുകൾ വാങ്ങിക്കാനാണ്. ഏഴ് ലക്ഷത്തിന്റേയും പന്ത്രണ്ടു ലക്ഷത്തിന്റേയും വ്യത്യാസം വരും. അങ്ങനെയാണെങ്കിൽ കുറച്ചുകൂടി മിനി ബസ്സുകൾ വാങ്ങുന്നതിനെക്കുറിച്ച് ആലോചിക്കണം. പക്ഷെ നഷ്ടമാണ്. കാരണം ഡ്രൈവറും കണ്ടക്ടറും ഇതിനും വേണ്ടതു തന്നെയാണ്. കെ.എസ്.ആർ.ടി.സി. ഇതിന് താൽപ്പര്യം കാണിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം എം.എൽ.എ.-മാർ വന്ന് നിർബന്ധമായിട്ടും മിനി ബസ്സുകൾ വേണമെന്ന് ആവശ്യപ്പെട്ടതുകൊണ്ട് കുറേ മിനി ബസ്സുകൾ കൂടി വാങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാം. പക്ഷെ ഞാൻ വ്യക്തിപരമായി അതിന് അനുകൂലിയല്ല. പക്ഷേ എല്ലാവരുടേയും നിർബന്ധം അങ്ങനെയാണെങ്കിൽ ഈ സഭയുടെ വികാരം മാനിച്ച് അതിനെക്കുറിച്ച് ആലോചിക്കാമെന്നേയുള്ളൂ. ഈ സെഷൻ കഴിഞ്ഞാൽ ഞാൻ താമരശ്ശേരിയിൽ വരാം. വേണ്ടപ്പെട്ട എല്ലാ ആളുകളേയും; ജനപ്രതിനിധികൾ ഉൾപ്പെടെ യൂണിയൻ നേതാക്കളേയും വിളിച്ചുകൂട്ടി, (ഉദ്യോഗസ്ഥൻമാരോടും വരാൻ പറയാം). അവിടെയിരുന്ന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം. പോലീസിന്റേയും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റേയും സഹായത്തോടുകൂടി പാരലൽ സർവ്വീസുകൾ അവസാനിപ്പിക്കാനും നമുക്കു ശ്രമിക്കാം. താമരശ്ശേരിയിൽ വന്ന് ഈ പ്രശ്നം കൈകാര്യം ചെയ്യാം.

ശ്രീ. സി. മോയിൻ കുട്ടി: വ്യക്തമായ അടിത്തറയുള്ള അങ്ങയുടെ യൂണിയനടക്കം വമ്പിച്ച തോതിലുള്ള ധർണയും സമരവും പലവട്ടം അവിടെ നടത്തി. ഇവിടെ വിഷയം എന്താണെന്നു വച്ചാൽ ഏറ്റവും പഴയ ബസ്സുകളാണ് ഞങ്ങൾക്ക് നൽകുന്നത്. പാട്ട ബസുകൾ മുഴുവൻ അവിടെ ഡമ്പ് ചെയ്യുകയാണ്. പൂച്ചയ്ക്ക് ആര് മണികെട്ടും എന്നുള്ള ചോദ്യംപോലെയാണ് അങ്ങിവിടെ സൂചിപ്പിച്ചിട്ടുള്ളത് പാരലൽ ബസ്സുകൾ എങ്ങനെ നിർത്താൻ സാധിക്കും! പാരലൽ ബസ്സല്ലാതെ മറ്റെന്ത് സംവിധാനമാണ് അവിടെയുള്ളത്? താമരശ്ശേരിയിലേക്ക് അങ്ങ് വന്നാൽ താമരശ്ശേരിയിൽ എത്തുന്നതിനു മുൻപുതന്നെ.നാലോ അഞ്ചോ ബസ്സുകൾ ഡെഡായി കിടക്കുന്നത് കാണാൻ സാധിക്കും. തീർച്ചയായും അങ്ങ് വരണം. വന്ന് യൂണിയന്റേയും ജനപ്രതിനിധികളുടേയുമൊക്കെ യോഗം വിളിച്ചുകൂട്ടി അവിടെയുള്ള കാര്യങ്ങൾ നേരിട്ട് കണ്ടറിയണം. ഒരു ഡേറ്റ് ഫിക്സ് ചെയ്ത് യോഗം ചേർന്ന് പ്രശ്നം പരിഹരിക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഞാൻ വരാം അങ്ങ് ഉൾപ്പടെയുള്ളവരുടെ യോഗം വിളിച്ചുകൂട്ടാം. ഇപ്പോൾ ഒൻപതു കൊല്ലം പഴക്കമുള്ള ബസ്സ് മാത്രമേ ഓടിക്കുന്നുള്ളൂ. കഴിയുന്നിടത്തോളം നല്ല ബസ്സുകൾ താമരശ്ശേരിയിൽ തരാൻ ഏർപ്പാട് ചെയ്യാം. ഞാൻ അവിടെ വന്ന് ഇതിനെക്കുറിച്ച് പരിശോധിക്കാം.

III. സബ്മിഷൻ

(1) കടബാദ്ധ്യതമൂലമുള്ള ആത്മഹത്യകൾ

ശ്രീ. ടി. കെ. ദേവകുമാർ: ഇത് അടിയന്തിരപ്രമേയ നോട്ടീസായി തന്നിരുന്നതാണ്. ഇന്നലെ കടക്കെണിയും കടബാധ്യതയും മൂലം എന്റെ നിയോജകമണ്ഡലത്തിൽ .....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ് അങ്ങ് അടിയന്തിര പ്രമേയത്തിന് ആവശ്യപ്പെട്ടപ്പോൾ ചെയർ അത് നിഷേധിക്കാൻ കാരണം പല ആവശ്യങ്ങൾ ഒരു സബ്മിഷനിൽ ചർച്ച ചെയ്യാൻ പാടില്ല എന്നുള്ള നടപടിക്രമമാണ്. അങ്ങയുടെ നിർബന്ധം കൊണ്ടും താൽപ്പര്യംകൊണ്ടുമാണ് ഈ സബ്മിഷൻ അനുവദിച്ചത്. ചുരുക്കിപ്പറയണം.

LIBRARY ARCHIVES Kerala Legislative Assembly